ഖുത്ബ നമ്പർ

43

25-10-2013

بسم الله الرحمن الرحیم O نحمده ونصلی علیٰ رسوله الکریم O وعلیٰ عبده المسیح الموعود

ജുമുഅ ഖുത്വ്ബ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

ഖലീഫത്തുൽ മസീഹ് അൽഖാമിസ് ایده الله تعالیٰ بنصره العزیز

വിവർത്തനം: എം.നാസിർ അഹ്മദ്, കൊടിയത്തൂർ




# മസ്ജിദിനോടുള്ള കടമകൾ

قُلْ اَمَرَ رَبِّيْ بِالْقِسْطِ ۗ وَاَقِيْمُوْا وُجُوْهَكُمْ عِنْدَ كُلِّ مَسْجِدٍ وَّادْعُوْهُ مُخْلِصِيْنَ لَهُ الدِّيْنَ ۗ كَمَا بَدَاَكُمْ تَعُوْدُوْنَ ﴿۳۰﴾

يٰبَنِيْٓ اٰدَمَ خُذُوْا زِيْنَتَكُمْ عِنْدَ كُلِّ مَسْجِدٍ وَّكُلُوْا وَاشْرَبُوْا وَلَا تُسْرِفُوْا ۚ اِنَّهٗ لَا يُحِبُّ الْمُسْرِفِيْنَ ﴿۳۲﴾

പറയുക! എന്റെ നാഥൻ നീതി (പൂർവ്വം പ്രവർത്തിക്കുന്നതിന്) കൽപ്പിച്ചിരിക്കുന്നു. ഓരോ മസ്ജിദിലും നിങ്ങളുടെ ശ്രദ്ധ (അല്ലാഹുവിലേക്ക്) നേരെ നിറുത്തുക. കീഴ്വണക്കം അവന് മാത്രം അർപ്പിച്ചുകൊണ്ട് അവനെ വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്യുക. അവൻ നിങ്ങളെ ആദ്യമായി സൃഷ്ടിച്ചതു പോലെ അവനിലേക്ക് നിങ്ങൾ മടങ്ങുന്നതാണ്. 7:30

ആദം സന്തതികളേ! ഓരോ മസ്ജിദിലും നിങ്ങളുടെ അലങ്കാരം സ്വീകരിച്ചുകൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുക യും ചെയ്തു കൊള്ളുവിൻ, എന്നാൽ ഒന്നിലും അമിതത്വമരുത്. നിശ്ചയമായും അമിതത്വം പ്രവർത്തിക്കുന്നവരെ അവൻ ഇഷ്ടപ്പെടുകയില്ല. 7:32

അല്ലാഹു തന്റെ അനുഗ്രഹത്താൽ വെസ്ബണിലെ അഹ്മദികൾക്ക്, അഥവാ ആസ്ത്രേലിയയിലെ അഹ്മദികൾക് ഇവിടെ ഒരു മസ്ജിദ് തന്നെ നിർമ്മിക്കുവാനുള്ള തൗഫീഖ് നൽകിയിരിക്കുകയാണ്. അല്ലാഹുവിന്റെ ഈ അനുഗ്രഹത്തിന് എത്ര തന്നെ നന്ദി രേഖപ്പെടുത്തിയാലും അത് മതിയാകുന്നതല്ല. ഏകദേശം 15 വർഷം മുമ്പ് നിങ്ങൾ ഈ സ്ഥലം വാങ്ങുകയും ഒരു മിഷൻ ഹൗസും ഹാളും നിർമ്മിക്കുകയും ചെയ്തു. അതിൽ നിങ്ങൾ നമസ്കരിക്കാറുണ്ടായിരുന്നു. 2006 ൽ ആദ്യമായി ഞാൻ ഇവിടെ വന്നപ്പോൾ ആ കെട്ടിടങ്ങളെല്ലാം ഇവിടെ ഉണ്ടായിരുന്നിട്ടുകൂടി ഇപ്പോൾ ശരിയായ രീതിയിൽ മസ്ജിദ് നിർമ്മിച്ചപ്പോഴുള്ള ശോഭ അന്ന് ഇവിടെ ഉണ്ടായിരുന്നില്ല.

ജമാഅത്തിനും ഖിലാഫത്തിനും തമ്മിൽ നിലനിൽക്കുന്ന ഈ സ്നേഹബന്ധം നമുക്ക് ലോകത്ത് മറ്റെവിടെയും കാണാൻ സാധ്യമല്ല. ഇത് അല്ലാഹുവിന്റെ വലിയ അനുഗ്രഹമാണ്. ഇത് യഥാർത്ഥത്തിൽ ഹ:മസീഹ് മൗഊദ് (അ) ജമാഅത്തംഗങ്ങൾക്ക് നൽകിയ അദ്ധ്യാധപനങ്ങളുടെ ഫലമാണ്. സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും ഈ ബന്ധത്തെ ഹ:മസീഹ് മൗഊദ് (അ) ബൈഅത്തിന്റെ നിബന്ധനകളിൽ പരാമർശിച്ചിട്ടുണ്ട്. ഈ ഒരു സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും അനുസരണത്തിന്റെയും ബന്ധമാണ് ഹ: മസീഹ് മൗഊദ് (അ) ന് ശേഷം അദ്ദേഹത്താൽ തുടങ്ങി വെച്ച ഖിലാഫത്ത് സംവിധാനത്തിലൂടെയും തുടർന്ന് വരുന്നത്.

ജമാഅത്ത് വ്യാപിപ്പിക്കുന്നതനുസരിച്ച് മസ്ജിദ് നമുക്ക് ആവശ്യമാണ്. അത് നിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കും. എന്നാൽ ഇവിടെ ഖിലാഫത്തിനെ കുറിച്ച് ഞാൻ പരാമർശിക്കാനുള്ള കാരണം കാലത്തിന്റെ ഖലീഫയുടെ നിർദ്ദേശാനുസരണവും ലോകത്ത് മസ്ജിദുകൾ നിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. പൊതുവിൽ ലോകത്തെല്ലായിടത്തും തന്നെ ജമാഅത്തിനോട് ഞാൻ പറയുന്നത് മസ്ജിദുകൾ നിർമ്മിക്കുക എന്നതാണ്. കാരണം ഇത് തബ്ലീഗിനുള്ള ഒരു മാർഗ്ഗമാണ്. വസ്തുതകൾ വെച്ചു നോക്കുമ്പോൾ ഇത് സത്യമായി പുലരുകയും ചെയ്യുന്നു. 2006 ൽ ഞാൻ വന്നപ്പോൾ പറഞ്ഞിരുന്നത്, ഇവിടെ നമസ്കാര സെന്റർ ഉണ്ടെന്നത് ശരിതന്നെയാണെങ്കിലും മസ്ജിദ് അതിന്റെ തായ രൂപത്തിൽ തന്നെ ഇവിടെ നിർമ്മിക്കപ്പെടേണ്ടതാണ്. അതിന് ജമാഅത്ത് ലബൈക്ക് പറയുകയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ മസ്ജിദ് നിർമ്മിക്കുകയും ചെയ്തു.

മസ്ജിദ് നിർമ്മാണവുമായി ബന്ധപ്പെട്ടപ്പോൾ നിങ്ങൾക്ക് പല തടസ്സങ്ങളും നേരിടേണ്ടി വരികയുണ്ടായി എന്നത് വാസ്തവമാണ്. ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ട ഒരു കാര്യം മസ്ജിദിനെക്കുറിച്ചുള്ള പ്രാദേശിക വാസികളുടെ കാഴ്ച്ചപ്പാട് എത്ര മാത്രം വ്യത്യസ്ഥമാണെന്നാണ്. ഇവിടെ നേരത്തെ തന്നെ നമ്മുടെ സെന്റർ ഉണ്ടായിരുന്നതാണ്. നമസ്കരിക്കാൻ ഇവിടെ ജനങ്ങൾ വന്നുകൊണ്ടിരുന്നതാണ്. ജമാഅത്തിന്റെ മറ്റു പ്രവർത്തനങ്ങളും ഇവിടെ നടന്നിട്ടുണ്ടാകും. എന്നാൽ മസ്ജിദ് നിർമ്മാണത്തിനുള്ള പ്ലാൻ അനുവാദത്തിനായി സമർപ്പിക്കപ്പെട്ടപ്പോൾ അയൽവാസികൾ എതിർക്കുകയുണ്ടായി. അവസാനം അല്ലാഹു ഫള്ൽ ചെയ്യുകയും എനിക്ക് ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എട്ടൊമ്പത് മാസത്തെ പ്രയത്നത്തിന് ശേഷം കൗൺസിൽ അനുവാദം നൽകുകയുമുണ്ടായി. ക്യൂസ്‌ലാന്റ് എന്ന ഈ സ്റ്റേറ്റിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രഥമ മസ്ജിദിന്റെ നിർമ്മാണം ആരംഭിച്ചു. ഡിസംബർ 2012 ന് ശേഷമാണ് ഈ നിർമ്മാണം തുടങ്ങിയത്. ഇപ്പോൾ നിങ്ങൾക്ക് അല്ലാഹുവിന്റെ അനുഗ്രഹത്താൽ മനോഹരമായ ഈ ഒരു മസ്ജിദ് ലഭിച്ചിരിക്കുന്നു.

മസ്ജിദ് നിർമ്മാണത്തിലും ആദ്യ കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിനുമായി 4.5 മില്ല്യൻ ഡോളർ ചെലവഴിച്ചു എന്നാണ്

എനിക്ക് കിട്ടിയ കണക്കുകൾ പറയുന്നത്. സഹോദരീ സഹോദരന്മാർ മനസ്സ് തുറന്ന് ധനത്യാഗം ചെയ്യുകയുണ്ടായി. ഒരു ലക്ഷത്തി ഇരുപത്തിഅയ്യായിരം ഡോളർ ഒരാൾ നൽകിയെന്നും മറ്റൊരാൾ ഒരു ലക്ഷം നൽകിയെന്നും എന്നോട് പറയുകയുണ്ടായി. ഓരോരുത്തരും അവരവരുടെ കഴിവനുസരിച്ച് ത്യാഗങ്ങൾ ചെയ്യുകയുണ്ടായി. ഒരു പക്ഷേ അതിനേക്കാളും കൂടുതൽ ത്യാഗങ്ങളാണ് അവർ ചെയ്തത്. ജമാഅത്തിനുള്ള രീതിയനുസരിച്ച് ഇവിടെയും സ്ത്രീകൾ തങ്ങളുടെ ആഭരണങ്ങൾ മസ്ജിദിനു വേണ്ടി നൽകി. ത്യാഗം ചെയ്യുന്ന എല്ലാവർക്കും അല്ലാഹു തആലാ അളവറ്റ അനുഗ്രഹങ്ങൾ നൽകട്ടെ. അവരുടെ അംഗങ്ങളിലും ധനത്തിലും വർദ്ധനവു നൽകുമാറാകട്ടെ.

നാം എപ്പോഴും ഓർക്കേണ്ട ഒരു കാര്യം, ഈ ത്യാഗങ്ങളും, സ്നേഹത്തിന്റെയും ആത്മാർത്ഥതയുടെയും ഈ വികാരങ്ങളും, അനുസരണത്തിന്റെ ഈ മാതൃകകളും, ഒരു അഹ്മദിയിൽ താത്കാലികമായിട്ടാരിക്കില്ല ഉണ്ടാകുക. അങ്ങനെ ആകാനും പാടില്ല. എപ്പോഴും നിലനിൽക്കുന്ന മാതൃകകളും വികാരങ്ങളും ആയിരിക്കണം. ഇത് തങ്ങളിൽ മാത്രം നില നിർത്താതെ തങ്ങളുടെ മക്കളിലും തലമുറകളിലും ഇത് പരിവർത്തിക്കപ്പേടേണ്ടതാണ്. ഇതാണ് ഒരു യഥാർത്ഥ അഹ്മദിയുടെ വികാരം ആയിത്തീരേണ്ടത്. ഈ വികാരങ്ങൾ നിലനിൽക്കുന്നത് നാം അല്ലാഹുവിന്റെ കൽപനകളെന്തെല്ലാമാണെന്ന് ശ്രദ്ധിക്കുമ്പോഴാണ്. നമ്മുടെ ദൈവവുമായി സുദൃഢമായ ബന്ധം സ്ഥാപിക്കുമ്പോഴാണ്. അതോടൊപ്പം മസ്ജിദിന്റെ കടമകൾ നിറവേറ്റുന്നവരായി നാം മാറുമ്പോഴാണ്. തിരുനബി (സ) യുടെ പ്രിയ ദാസന്റെ ബൈഅത്തിൽ വന്നതിന്റെ കടമ നിറവേറ്റുമ്പോഴാണ്.

അതുകൊണ്ട് ഈ കാര്യങ്ങളെല്ലാം ശ്രദ്ധിക്കുമ്പോഴാണ് നാം മസ്ജിദിനോടുള്ള കടമ നിറവേറ്റുന്നവരായി മാറുന്നത്. അതിനാൽ ഇന്ന് അല്ലാഹുവിന്റെ കല്പനകളിൽ ചിലത് നിങ്ങളുടെ മുമ്പാകെ സമർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത് പാലിക്കുമ്പോൾ നാമും നമ്മുടെ മക്കളും ഈ കടമകൾ നിറവേറ്റുന്നവരായിക്കൊണ്ടേ ഇരിക്കുന്നതാണ്.

ഞാൻ പ്രാരംഭത്തിൽ പാരായണം ചെയ്ത ആയത്തുകൾ സൂറാ അഅ്റാഫിലെ 30,32 ആയത്തുകളാണ്. ഇവയെല്ലാം മസ്ജിദുമായി ബന്ധപ്പെട്ട ആയത്തുകളാണ്. ഇവയിൽ ഒരു വിശ്വാസിയിൽ നിന്നും അല്ലാഹു ചില പ്രതീക്ഷകൾ വെക്കുന്നതായി വിവരിക്കുന്നു. മാത്രമല്ല മസ്ജിദുമായി ബന്ധപ്പെട്ടു നിൽക്കുന്ന യഥാർത്ഥ ആരാധനയിലും ഈ കാര്യങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ കാരുണ്യ ദൃഷ്ടി പതിയുന്നതാണെന്ന് വിശ്വാസികളോട് പറയുകയും ചെയ്തു.

ഒന്നാമത്തെ കാര്യം അല്ലാഹു പറയുന്നത് നീതി നടപ്പിലാക്കുക എന്നതാണ്. നീതി എന്നത് സമൂഹത്തിലെ ഐക്യം നിലനിർത്തുന്നതാണ്. അത് വീട്ടിൽ നിന്ന് തുടങ്ങി അന്താരാഷ്ട്ര തലത്തിൽ വരെ സ്വാധീനം ചെലുത്തുന്നതാണ്. ഇത് നിലനിൽക്കുകയാണെങ്കിൽ ലോകത്ത് സമാധാനം എല്ലതലത്തിലും സ്ഥാപിക്കപ്പെടുന്നതാണ്. ഇതിന്റെ കടമകൾ നിറവേറ്റാത്തതു കാരണം ലോകത്ത് കുഴപ്പവും ഫസാദും ഉണ്ടാകുന്നു.

നീതി എന്നത് വെറും സാമൂഹിക നീതി മാത്രമല്ല ഉദ്ദേശിക്കുന്നത്. അല്ലാഹുവിന്റെ കൽപനകളുടെ കടമകൾ നിറവേറ്റുന്നതിലും നീതി പാലിക്കണമെന്ന് ആവശ്യപ്പെടുന്നു. ആരാധന അതർഹിക്കും വിധം നിറവേറ്റുക എന്നത് ആരധനയോട് കാട്ടുന്ന നീതിയാണ്. ഇതു കൊണ്ടുള്ള നേട്ടം മനുഷ്യൻ സ്വയം തന്നെയാണ് ലഭിക്കുന്നത്. അതുകൊണ്ട് ഓരോ യഥാർത്ഥ വിശ്വസിക്കും അവന്റെ ആരാധനയുടെ കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. നിങ്ങൾ അഞ്ചു നേര നമസ്കാരത്തെയും സംരക്ഷിക്കുമ്പോഴും, നമസ്കാരം നിലനിർത്തുന്ന കാര്യത്തിൽ നിങ്ങൾ ശ്രദ്ധിക്കുമ്പോഴും, ഈ നമസ്കാരത്തോടൊപ്പം നിങ്ങളിൽ ഒരു പരിശുദ്ധ മാറ്റം ഉണ്ടാക്കുമ്പോഴും, നമസ്കാരത്തോടൊപ്പം സൃഷ്ടികളുടെ കടമകൾ നിറവേറ്റുന്ന കാര്യത്തിൽ ശ്രദ്ധയുണ്ടാകുമ്പോഴുമാണ് ഇതിനോട് നീതി പാലിക്കുന്നത്.

സൃഷ്ടികളോടുള്ള കടമകളെ കുറിച്ച് പറയുകയാണെങ്കിൽ, ഭാര്യാഭർതൃ ബന്ധം തന്നെയെടുക്കാം. ഭർത്താവിനോട് പറയുന്നത് ഭാര്യയോടുള്ള കടമകൾ നിറവേറ്റുക എന്നതാണ്. അവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുക. അവരോട് മയത്തോടും ലാളിത്യത്തോടും കൂടി വർത്തിക്കുക. അവരുടെ രക്തബന്ധങ്ങളെ പരിഗണിക്കുക. ഭാര്യയുടെ മാതാപിതാക്കളേയും സഹോദരീ സഹോദരന്മാരെയും അവരുടെ ബന്ധുക്കളെയും ബഹുമാനിക്കുക. ഭാര്യമാരുടെ സമ്പത്തിലും അവരുടെ വരുമാനത്തിലും നോട്ടമിടരുത്. കുട്ടികളോടുള്ള കടമ നിറവേറ്റുക. അവരുടെ വിദ്യാഭ്യാസ ശിക്ഷണ കാര്യങ്ങളിൽ ശ്രദ്ധിക്കുക. മതത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നവരായി അവർ മാറുന്നതിനും മതവുമായി ബന്ധപ്പെട്ടു നിൽക്കുന്നതിനുമായി നിങ്ങളുടെ മാതൃക പ്രകടമാക്കുക. ഇതാണ് എപ്പോഴും നം ഓർക്കേണ്ട കാര്യം. ആൺകുട്ടികൾക്ക് 13,14 വയസ്സ് പ്രായമെത്തിക്കഴിഞ്ഞാൽ അവർക്ക് ദീനിനോട് താത്പര്യം ഉണ്ടാകുന്നത്, അവരുടെ പിതാവിന് മതത്തോട് താത്പര്യമുണ്ടെന്നും ആരാധനയിൽ ശ്രദ്ധിക്കുന്ന ആളാണെന്നും നമസ്കാരം കൃത്യമായി അനുഷ്ടിക്കുന്ന ആളാണെന്നും വിശുദ്ധ ഖുർആൻ കൃത്യമായി പാരായണം ചെയ്യുന്ന ആളാണെന്നും അവർ കാണുമ്പോഴാണ്. പൊതുവിൽ ഞാൻ കണ്ടിട്ടുള്ളത് മാതാക്കൾക്ക് തങ്ങളുടെ മക്കൾ മതവുമായി ഒട്ടിപ്പിടിച്ച് നിൽക്കണം എന്ന വിചാരം ഉള്ളതായാണ്. ചുരുങ്ങിയ പക്ഷം അവർ ഇത് അന്റെ മുമ്പിൽ പ്രകടിപ്പിക്കുന്നതായി ഞാൻ കണ്ടിട്ടുണ്ട്. ദുആക്ക് വേണ്ടി പറയാറുണ്ട്.

പുരുഷനോട് കടമ നിറവേറ്റാൻ പറഞ്ഞതു പോലെ സ്ത്രീകൾ, ഭാര്യാമർ, അവരുടെ കടമകൾ നിറവേറ്റുന്ന കാര്യത്തിൽ നീതിപാലിക്കേണ്ടിയിരിക്കുന്നു. വീടിനോടുള്ള കടമ നിറവേറ്റുക. ഒരു സ്ത്രീയുടെ പ്രഥമ ഉത്തരവാദിത്വം വീടിന്റെ കാര്യങ്ങൾ നോക്കുക എന്നതാണ്. നിങ്ങളുടെ ഉത്തരവാദിത്വങ്ങൾ എന്തെല്ലാമാണെന്ന് മനസ്സിലാക്കുക. ഭർത്താവിനെ ആദരിക്കുന്നതോടൊപ്പം അദ്ദേഹത്തിന്റെ രക്തബന്ധുക്കളെയും ആദരിക്കുക. കുട്ടികളുടെ ശിക്ഷണത്തിലും പരിപാലനത്തിലും ശ്രദ്ധിക്കുക. ഈ ചുറ്റുപാടിൽ കുട്ടികളുടെ ശിക്ഷണ കാര്യത്തിൽ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മതപരമായ ശിക്ഷണം നൽകുക എന്നത് മാതാവിന്റെയും പിതാവിന്റെയും ഉത്തരവാദിത്വമാണ്. നിങ്ങൾ അഹ്മദീ മുസ്‌ലീംകളാണെന്ന് കുട്ടികളെ ആദ്യം ബോധ്യപ്പെടുത്തുകയാണ് മാതാപിതാക്കൾ ചെയ്യേണ്ടത്. അതിനായി ഞങ്ങൾ യഥാർത്ഥ അഹ്മദീ മുസ്‌ലീംകളാണെന്ന് അവരെ ബോധ്യപ്പെടുത്തിയിരിക്കണം. കുട്ടികൾക്ക് അവരുടെ ഉത്തരവാദിത്വങ്ങൾ എന്തെല്ലാമാണെന്ന് ബോധ്യപ്പെടുത്തുക. അതിനായി ആദ്യം മാതാപിതാക്കൾ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കുക. നിങ്ങൾക്കും മറ്റുള്ളവർക്കുമിടയിൽ ഒരു വ്യത്യാസം ഉണ്ടാകണമെന്ന് കുട്ടികളെ ധരിപ്പിക്കണം. ഈ രീതിയിൽ കുട്ടികൾക്ക് നാം

ശിക്ഷണം നൽകുമ്പോഴാണ് കുട്ടികൾ മതവുമായി ബന്ധപ്പെട്ട് നിൽക്കുക. ഇവ്വിധ കാര്യങ്ങളാണ് കുട്ടികളോടുള്ള കടമ നീതി പൂർവ്വം നിറവേറ്റുന്നവരാക്കി നമ്മേ മാറ്റുന്നത്. മാതാപിതാക്കൾ തങ്ങളുടെ മാതൃക പ്രകടമാക്കുന്നില്ലെങ്കിൽ, കുട്ടികളുടെ ശിക്ഷണകാര്യത്തിലേക്ക് ശ്രദ്ധയില്ലെങ്കിൽ അവർ നീതി പാലിക്കാത്തവരായി മാറുന്നതാണ്.

ഇതേ പോലെ സമൂഹത്തിലെ പൊതു ബന്ധങ്ങളുണ്ട്. ഇവിടെയും ഓരോ പുരുഷനും സ്ത്രീയും തങ്ങളെ വിശ്വാസി കളുടെ ഗണത്തിലാണ് ഉൾപ്പെടുത്തുന്നത്. ചുരുങ്ങിയ പക്ഷം ഇതിൽ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നു. അതിനാൽ അവർ മറ്റുള്ളവരുടെ കടമകൾ നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്. ഇടപാടുകളുണ്ടാകും. അതല്ലെങ്കിൽ ഏതു തരം പ്രശ്നങ്ങളാ യാലും അവിടെയെല്ലാം നീതിയും ന്യായവും പാലിക്കേണ്ടതാണ്. അല്ലാഹു വിശ്വാസികളുടെ ജമാഅത്തിനെ ഒരു ശരീരത്തോടാണ് ഉപമിച്ചിരിക്കുന്നത്. ഒരു ശരീരം എന്ന ആ അവസ്ഥ സംജാത മാകുന്നത് മറ്റുള്ളവരുടെ പ്രയാസങ്ങൾ മനസ്സിലാക്കുമ്പോഴാണ്. അവരോടുള്ള കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധയുണ്ടാ കുമ്പോഴാണ്. നീതി നടപ്പിൽ വരുത്തുമ്പോഴാണ്. ശരീരത്തിലെ ഏതെങ്കിലും ഒരു ഭാഗത്ത് വേദന അനുഭവപ്പെടുമ്പോൾ ശരീരം ഒന്നടങ്കം അസ്വസ്തമാകുന്നതുപോലെ മറ്റുള്ളവരുടെ പ്രയാസ ങ്ങൾ നമ്മേ അസ്വസ്തമാക്കണം. ഹ: മസീഹ് മൗഊദ് (അ) പറയുകയുണ്ടായി: മറ്റുള്ളവരുടെ പ്രയാസങ്ങൾ മനസ്സിലാക്കുക.

നീതിയുടെ പാഠങ്ങൾ എന്താണെന്നും അത് നടപ്പിൽ വരുത്തി യാലാണ് ലോകത്ത് സമാധാനമുണ്ടാക്കുക എന്ന് ഇസ്‌ലാം പറയുന്നതെന്നുമുള്ള കാര്യം നാം അന്യരോട് പറയുമ്പോൾ അവർ ഇത് കേട്ട് വളരെയധികം പ്രഭാവിതരായിത്തീരാറുണ്ട്. നാം ഇതിന്റെ മാതൃകകളായി മാറേണ്ടിയിരിക്കുന്നു. ഇത് വെറും അദ്ധ്യാപനം മാത്രമല്ലെന്നും യഥാർത്ഥ വിശ്വാസികളുടെ പ്രവർത്തനം ഇതു പോലെയാണെന്നും അവർക്കും കാണിച്ചുകൊടുക്കേണ്ടിയിരിക്കുന്നു.

രണ്ടു ദിവസം മുമ്പ് പള്ളി ഉദ്ഘാടനവുമായി ബന്ധപ്പെട്ടു കൊണ്ട് പ്രാദേശിക ആസ്ത്രേലിയക്കാരെ ക്ഷണിച്ചുകൊണ്ട് ഇവിടെ ഒരു പരിപാടി നടന്നിരുന്നു. അവിടെ സംസാരിച്ചിരുന്ന വിഷയത്തിന്റെ കേന്ദ്രബിന്ദു ഇതായിരുന്നു. മനുഷ്യരോടുള്ള കടമ നിറവേറ്റുന്ന കാര്യത്തിൽ നീതി പാലിക്കപ്പെടുന്നില്ലെങ്കിൽ, അതിന്റെ സൂക്ഷമ വശങ്ങളെ ശ്രദ്ധിക്കുന്നില്ലെങ്കിൽ ആരാധന കളും വ്യർത്ഥമായിത്തീരുന്നതാണ്. ഇനി ഈ പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ടെങ്കിൽ, അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റപ്പെടുന്നുമുണ്ടെങ്കിൽ മനുഷ്യന്റെ ഓരോ പ്രവർത്തിയും തന്നെ ആരാധനയായിത്തീരുന്നതാണ്. അല്ലാഹു വിന്റെ മുമ്പിൽ കുമ്പിടുന്ന ആരാധനയുടെ സൗന്ദര്യത്തെ ഒന്നുകൂടി ഇവ വർദ്ധിപ്പിക്കുന്നു. നമസ്കാരത്തിനും ആരാധനക്കും വളരെ പ്രാധാന്യം കൽപ്പിക്കുന്ന മുസ്‌ലിം, എപ്പോഴും തന്നെ അല്ലാഹുവിന്റെ സൃഷ്ടികളോട് എല്ലാ തരത്തിലും നീതിയിലധിഷ്ഠിതമായ ബന്ധം സ്ഥാപിക്കാൻ എങ്ങനെ കഴിയുമെന്ന് അന്വേഷിച്ചുകൊണ്ടിരിക്കും.

ഈ അദ്ധ്യാപനത്തെ കുറിച്ച് ഏറ്റവും കൂടുതൽ അറിയുന്നവൻ ഒരു അഹ്മദിയായിരിക്കും. കാരണം അവൻ കാലഘട്ടത്തിന്റെ ഇമാമിനെ സ്വീകരിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ ബൈഅത്തിൽ അവൻ വന്നിരിക്കുന്നു. ഇത് മുഖേന അല്ലാഹുവിന്റെ ഫള്‌ലിനെ അവന് കരസ്ഥമാക്കുന്നതിനും അല്ലാഹുവിന്റെ ആരാധനയുടെ കടമ നിറവേറ്റുന്നതിനും തന്റെ ജീവിത ലക്ഷ്യം തിരിച്ചറിയാനും സാധിക്കുന്നതാണ്.

ഹ: മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു: "മാനവ രാശിയോട് കാരുണ്യത്തോട് വർത്തിക്കുകയും അവരോട് സഹതാപം കാണിക്കുകയും ചെയ്യുക എന്നത് വലിയ ആരാധനയാണ്. അല്ലാഹുവിന്റെ പ്രീതികരസ്ഥമാക്കാനുള്ള ഒരു ഉത്തമ മാർഗമാണിത്" ഈ ഒരു മനോഹര അദ്ധ്യാപനം ഒരു ഭാഗത്ത് നീതി നിർവ്വഹണം സാധ്യമാക്കുന്നതോടൊപ്പം മറുഭാഗത്ത് ദൈവ സാമീപ്യം നൽകി അനുഗ്രഹിക്കുകയും ചെയ്യുന്നു. സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതോടൊപ്പം അല്ലാഹുവിന്റെ കടമ നിറവേറ്റുന്നതിനായി മസ്ജിദിൽ പോകുകയും ചെയ്യുമ്പോൾ അവൻ അല്ലാഹുവിന്റെ സ്നേഹതീരത്ത് എത്തിച്ചേരുന്നു. ഇബാദത്തിന്റെ യഥാർത്ഥ ആനന്ദം അപ്പോൾ ലഭിക്കുകയും ചെയ്യുന്നു. അതോടൊപ്പം وَ اَقِيْمُوْا وُجُوْهَكُمْ عِنْدَ كُلِّ مَسْجِدٍ എല്ലാ മസ്ജിദു കളിലും നിങ്ങളുടെ ശ്രദ്ധ അല്ലാഹുവിലേക്ക് നേരെ നിറുത്തുക എന്ന കല്പന നടപ്പിൽ വരുത്തുമ്പോൾ, അത് അല്ലാഹുവിന്റെ അനുഗ്രഹത്തെ സ്വരുക്കൂട്ടുന്നതാക്കിമാറ്റുന്നതാണ്. ഈ സ്ഥാനം കരസ്ഥമാക്കുന്നവരിൽ അവനെ ഉൾപ്പെടുത്തുന്നതാണ്. നമുക്കറിയാവുന്നതു പോലെ നമ്മുടെ ഓരോ പരിശ്രമത്തിനു മൊപ്പം അല്ലാഹുവിന്റേതായ ഒരു പ്രവർത്തനവും ഉണ്ടാകുന്നു. ഒരു നന്മയും തന്നെ നമുക്ക് നമ്മുടെ കരബലം കൊണ്ട് നേടി യെടുക്കാൻ സാധ്യമല്ല. അല്ലാഹുവിന്റെ പ്രവർത്തി നമ്മുടെ ഒരോ പ്രവർത്തനത്തിന്റെയും കൂടെയില്ലെങ്കിൽ, അത് നമ്മുടെ പ്രവർത്തനത്തോടൊപ്പം ചേർന്നുകൊണ്ട് നന്മയുടെ ഉന്നത നിലവാരം കരസ്ഥമാക്കുന്നതാക്കി മാറ്റുന്നില്ലെങ്കിൽ ആ നന്മകളൊന്നും നമുക്ക് കരസ്ഥമാക്കാൻ സാധിക്കില്ല. അത് നമ്മുടെ എല്ലാ സദുദ്യമങ്ങളും നന്മചെയ്യാനുള്ള പരിശ്രമവും എല്ലാം തന്നെ നമ്മുടെ ചിന്തയെ അല്ലാഹുവിന് നേരെയാക്കി വെക്കുന്നതായിരിക്കും. അതോടൊപ്പം ആരാധനയുണ്ടെങ്കിൽ, അല്ലാഹു ഇത് സ്വീകരിക്കട്ടെ എന്ന് അവനോട് സഹായം തേടുകയും ചെയ്താൽ, അത് യഥാർത്ഥ ആരാധനയായി ത്തീരുന്നതാണ്. ഇങ്ങനെയായാൽ وَّادْعُوْهُ مُخْلِصِيْنَ لَهُ الدِّيْنَ കീഴ്വണക്കം അല്ലാഹുവിന് മാത്രം അർപ്പിച്ചു കൊണ്ട് അവനെ വിളിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്ന ഗണത്തിൽ നാം ഉൾപ്പെടുന്നതാണ്. അവന് മാത്രം അർപ്പിച്ചുക്കൊണ്ട് പ്രാർത്ഥിക്കുന്നവർക്ക് അല്ലാഹുവിന്റെ ഈ പ്രകാശപൂർണ്ണമായ സന്ദേശം അതായത് اُجِيْبُ دَعْوَةَ الدَّاعِ اِذَا دَعَانِ ദുആ ചെയ്യുന്നവർ എന്നെ വിളിച്ച് പ്രാർഥിച്ചാൽ അവരുടെ വിളിക്ക് ഞാൻ ഉത്തരം നൽകുന്നു എന്നത് അവർക്ക് വഴിക്കാട്ടുന്നതാണ്.

ഹ: മസീഹ് മൗഊദ് (അ) പറയുന്നു: "ദുആ സ്വീകാര്യതക്കായി അനിവാര്യമായ സംഗതി മനുഷ്യൻ തന്നിൽ ഒരു പരിശുദ്ധ മാറ്റം വരുത്തുക എന്നതുമാണ്. തിന്മകളിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കുന്നില്ലെങ്കിൽ, അല്ലാഹുവിന്റെ അതിർ വരമ്പുകളെ അതിർലംഘിക്കുകയും ചെയ്യുകയാണെങ്കിൽ ദുആയിൽ ഒരു സ്വാധീനവും ഉണ്ടാവുകയില്ല." അതുകൊണ്ട് സമ്പൂർണ്ണമായ നിലയിൽ അല്ലാഹുവിനെ വിളിക്കുന്നവനെന്ന് പറയപ്പെടുന്നത് മനുഷ്യൻ അല്ലാഹുവിന്റെ എല്ലാ അതിർ വരമ്പുകളെയും സൂക്ഷിക്കുമ്പോഴാണ്.ഈ അതിരുകളെ അവൻ അറിയുന്നത് വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമ്പോഴാണ്. അതിൽ നിന്ന് അല്ലാഹുവിന്റെ കലപനകൾ അന്വേഷിച്ചുകൊണ്ട് അത് മനസ്സിലാക്കുന്നു. ഈ കൽപനകളാണ് ആ അതിർവരമ്പുകൾ.

ഇതിനകത്തുനിന്ന് കൊണ്ട് മനുഷ്യൻ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നു. ദുആ സ്വീകാര്യതയുടെ അടയാളം അവൻ ദർശിക്കുന്നു.

അല്ലാഹു പറയുന്നു: "ആദമിന്റെ മക്കളെ! ഓരോ മസ്ജിദിലും നിങ്ങളുടെ അലങ്കാരം സ്വീകരിച്ചു കൊള്ളുക.'' ഒരു വിശ്വാസിയുടെ സൗന്ദര്യം അവന്റെ തഖ്‌വയുടെ വസ്ത്രമാണ്. ഇവിടെ അതിർ വരമ്പുകളുടെ ഒരു വിശദീകരണമാണ് നൽകിയിരിക്കുന്നത്.

ഹ: മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു:"മനുഷ്യന്റെ ആത്മീയ സൗന്ദര്യം എന്നത് തഖ്‌വയുടെ അതി സൂക്ഷമമായ എല്ലാ വശങ്ങളും സ്വീകരിക്കുക എന്നതാണ്. തഖ്‌വയുടെ അതി സൂക്ഷമമായ വശങ്ങളാണ് ആത്മീയ സൗന്ദര്യത്തിന്റെ അലങ്കാരവും മനോഹരമായ വർണ്ണലാവണ്യവും. അല്ലാഹുവിന്റെ അമാനത്തുകളും വിശ്വാസപരമായ പ്രതിജ്ഞാ പാലനവും കഴിവിന്റെ പരമാവധി നടപ്പിലാക്കുക എന്നതും, ആപാദചൂഢം നമുക്ക് നൽകിയിരിക്കുന്ന അവയവങ്ങളും കഴിവുകളും എല്ലാം തന്നെ, അതിൽ ബാഹ്യമായി നോക്കുമ്പോൾ കണ്ണ്, ചെവി, കൈ, കാല് മറ്റവയങ്ങൾ, ഇതേ പോലെ ആന്തരികമായി ഹൃദയം മറ്റു ശക്തികൾ എന്നിവയെല്ലാം തന്നെ ആതോടൊപ്പം സ്വഭാവങ്ങൾ ഇവയെല്ലാം കഴിവിന്റെ പരമാവധി ശരിയായ സ്ഥലത്ത് ആവശ്യാനുസരണം ഉപയോഗിക്കുകയും അതിനെ ഗുപ്തമായ അക്രമണങ്ങളെ തൊട്ട് -ശൈത്വാൻ തെറ്റായ രീതിയിൽ ഉപയോഗിക്കുന്നതിനായി പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്ന അക്രമണങ്ങളെ തൊട്ട്- ജാഗരൂകരായിരിക്കുകയും അതോടൊപ്പം സൃഷ്ടികളോടുള്ള കടമകൾ ശ്രദ്ധിക്കുകയും ചെയ്യുക, ഇവയിലെല്ലാമാണ് മനുഷ്യന്റെ ആത്മീയ സൗന്ദര്യം ബന്ധപ്പെട്ട് നിൽക്കുന്നത്. വിശുദ്ധ ഖുർആനിൽ അല്ലാഹു തഖ്‌വയെ **ലിബാസ്**, (വസ്ത്രം) എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. **ലിബാസുത്തഖ്‌വ** എന്നത് വിശുദ്ധ ഖുർആന്റെ പ്രയോഗമാണ്. ഇത് സൂചിപ്പിക്കുന്നത് ആത്മീയ സൗന്ദര്യം, ആത്മീയ ഭംഗി തഖ്‌വ മൂലമാണുണ്ടാകുന്നത്. തഖ്‌വ എന്നാൽ, മനുഷ്യൻ അല്ലാഹുവിന്റെ എല്ലാ അമാനത്തുകളും വിശ്വാസപരമായ പ്രതിജ്ഞകളും അതേ പോലെ സൃഷ്ടികളുടെ എല്ലാ അമാനത്തുകളും കരാറുകളും എല്ലാം കഴിവതും നിറവേറ്റുക. അതായത് അതിന്റെ അതി സൂക്ഷ്മമായ വശങ്ങൾ പോലും നിറവേറ്റുന്നതിനായി കഴിവതും പരിശ്രമിക്കുക."

ചുരുക്കത്തിൽ ഞാൻ പറഞ്ഞതു പോലെ ഈ ഉദ്ധരണിയിൽ ഹ: മസീഹ് മൗഊദ് (അ) ഒന്നുകൂടി വിശദീകരണം നൽകിയിരിക്കുന്നു. ആദ്യം അമാനത്തുകളെയും കറാരുകളെയും പരിഗണിക്കേണ്ടതാണ്. ഒരു അഹ്മദി അല്ലാഹുവിന്റെ പ്രീതിക്കായി അമാനത്ത് പൂർണ്ണമായ രീതിയിൽ തിരിച്ചു നൽകുന്നതാണെന്ന് പ്രതിജ്ഞ ചെയ്തിട്ടുള്ളതാണ്. അത് ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കും എന്നതാണ്. ഈ അമാനത്തിനെ സംരക്ഷിക്കുകയും അതിനെ തിരിച്ചു നൽകുകയും ചെയ്യുകയാണെങ്കിൽ اِنْ شَآءَ الله നമ്മുടെ ഇബാദത്തുകൾ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കിത്തരുന്നതായി മാറുന്നതാണ്. ദുആ സ്വീകാര്യതയുടെ ദൃശ്യം നാം കാണുന്നതാണ്. നമ്മുടെ ഓരോ പ്രവർത്തിയും തന്നെ അല്ലാഹുവിന്റെ പ്രീതി അന്വേഷിച്ചുകൊണ്ട് ചെയ്യുന്നതായി മാറും. മസ്ജിദിലേക്കുള്ള നമ്മുടെ വരവും അല്ലാഹുവിന് വേണ്ടിയായിരിക്കും. മസ്ജിദ് നിർമ്മാണത്തിന് ശേഷം ജനങ്ങളുടെ ശ്രദ്ധ ഇതിലേക്ക് തിരിയുന്നതാണ്. അതിന്റെ കടമകൾ നിറവേറ്റുന്നവരായും നാം മാറുന്നതാണ്.

അതു കൊണ്ട് ഞങ്ങൾ മസ്ജിദ് നിർമ്മിച്ചു എന്നതിൽ മാത്രം സന്തോഷിക്കരുത്. മസ്ജിദ് നിർമ്മിച്ചതിനു ശേഷം നിങ്ങളുടെ ഉത്തരവാദിത്വം ഒന്നുകൂടി വർദ്ധിച്ചിരിക്കുകയാണ്. അല്ലാഹു പറയുന്നു. മസ്ജിദിൽ അതിന്റെ സന്ദര്യത്തോടൊപ്പം പോകുക. അതിന്റെ സൗന്ദര്യം തഖ്‌വ മൂലമാണുണ്ടാകുന്നത്. ഞാൻ പറഞ്ഞതു പോലെ തഖ്‌വ പ്രത്യക്ഷമാകുന്നത് അല്ലാഹുവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും നിറവേറ്റുമ്പോഴാണ്. തങ്ങളുടെ ആരാധനയുടെ നിലവാരം ഉയർത്താൻ വേണ്ടി പരിശ്രമിക്കുമ്പോഴാണ്. നമ്മുടെ നമസ്കാരങ്ങളും സംരക്ഷിക്കുമ്പോഴാണ്. മസ്ജിദിന്റെ പവിത്രതയെ കുറിച്ച് ചിന്തയുണ്ടാകുമ്പോഴാണ്.

പലരും ദുആക്ക് വേണ്ടി പറയാറുണ്ട്. കൂടിക്കാഴ്ച്ച വേളയിൽ ഇവിടെയും പലരും പറയുകയുണ്ടായി. അവരിൽ ചിലരുടെ മുഖങ്ങളിൽ നിന്നും പ്രത്യേകം പ്രകടമാകുന്ന ഒരു കാര്യം ഇത് ഒരു ആചാരമെന്ന നിലക്ക് പറയുകയാണെന്നാണ്. പറയുന്ന കാര്യങ്ങളനുസരിച്ച് അവർ പ്രവർത്തിക്കുന്നില്ല. ദുആയെ കുറിച്ച് അവർക്ക് ശ്രദ്ധയില്ല. നമസ്കാരത്തിലേക്ക് അവർക്ക് ശ്രദ്ധയില്ല. നിങ്ങൾ അഞ്ചുനേര നമസ്കാരം അനുഷ്ഠിക്കാറുണ്ടോ എന്ന് അവരോട് ചോദിക്കുമ്പോൾ അവർ ഒഴിഞ്ഞു മാറാറാണുള്ളത്. ദുആക്ക് വേണ്ടി പറഞ്ഞാൽ മതി, നാമൊന്നും ചെയ്യേണ്ടതില്ലെന്ന കാഴ്ച്ചപ്പാട് തെറ്റായ കാഴ്ച്ചപ്പെടാണ്. ഹ: മസീഹ് മൗഊദ് (അ) ന്റെ ആഗമനോദ്ദേശ്യം ഇസ്‌ലാമിന്റെ പുനർജനനമാണ്. പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാക്കുക എന്നതാണ്. ഈ ലക്ഷ്യം പൂർത്തിയാകുന്നത് നമ്മളിലെ ഓരോരുത്തരും പുരുഷനും സ്ത്രീയും യുവാവും തഖ്‌വയിൽ ചരിച്ചുകൊണ്ട് അല്ലാഹുവിന്റെ അമാനത്തിന്റെ തേട്ടം പൂർത്തിയാക്കുന്നവരായി ത്തീരുമ്പോഴാണ്. തങ്ങളുടെ പ്രതിജ്ഞകളെ നിറവേറ്റുന്നവരായി മാറുമ്പോഴാണ്. എന്നോട് ദുആക്ക് പറഞ്ഞിട്ടുണ്ടെങ്കിൽ സ്വയം ദുആയിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. സ്വയം നമസ്കാരത്തിലേക്കും ശ്രദ്ധിക്കേണ്ടതാണ്. തിരുനബി (സ) തന്റെ ഒരു സഹാബിയോടും ഇതു തന്നെയാണ് പറഞ്ഞിരുന്നത്. നീ ഏതൊരു ലക്ഷ്യം കരസ്ഥമാക്കാനാണോ ആഗ്രഹിക്കുന്നത് അതിനായി എന്നോട് പ്രാർത്ഥിക്കാൻ നീ അപേക്ഷിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ നീ നിന്റെ ദുആ മുഖേനയും പ്രവർത്തനങ്ങൾ മുഖേനയും എന്നെ സഹായിക്കുക.

ദൈവിക പ്രസ്ഥാനങ്ങളുടെ ലക്ഷ്യം തന്നെ ഓരോരുത്തരെയും ദൈവവുമായി ബന്ധിപ്പിക്കുക എന്നതാണ്. ഒരു സ്ഥലത്ത് ഹ: മസീഹ് മൗഊദ് പറയുന്നു: ''നിങ്ങൾ വലിമാരാകുക. വലി പൂജകരാകരുത്. പീറുമാരാവുക, പീർ പൂജകരാകരുത്.'' ഇത് ഒരു ഖുത്വ്ബയിൽ ഇവിടെ ഞാൻ പറഞ്ഞതാണ്. അതായത് ഓരോരുത്തരും അല്ലാഹുവുമായി ബന്ധം സ്ഥാപിക്കണം. വിശ്വാസികളുടെ ജമാഅത്ത് പരസ്പരം സഹായിക്കുന്നു. പരസ്പരമുള്ള കടമകൾ നിറവേറ്റുന്നു. തങ്ങളുടെ ആരാധനയുടെ കടമകൾ നിറവേറ്റുന്നു. സൃഷ്ടികളോടുള്ള കടമകളും നിറവേറ്റുന്നു. അന്യർ പോലും നിങ്ങളിലേക്ക് ശ്രദ്ധിക്കുന്ന രീതിയിൽ നിങ്ങളുടെ സ്വഭാവ സംസ്കരണം വരുത്തുക.

ഇവിടെ ഓർക്കേണ്ട ഒരു കാര്യം, പീർമാരും വലിമാരും ആവുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഓരോരുത്തരും അവരുടേതായ സംഘടനകൾ രൂപീകരിക്കുക എന്നതല്ല. ഓരോരുത്തരും അല്ലാഹുവുമായി ബന്ധപ്പെടുക

എന്നതാണിതിനർത്ഥം. ഇതും നടക്കുന്നത് ഖിലാഫത്തിനോടൊപ്പം കൂറ് പുലർത്തുമ്പോഴാണ്. ജമാഅത്തിനോടൊപ്പം കൂട്ടുപിടിച്ച് നിൽക്കുമ്പോഴാണ്. കാരണം തിരുനബി (സ) ജമാഅത്തിനോടൊപ്പം നിൽക്കുന്നവരുടെ വിജയത്തെ കുറിച്ചാണ് പ്രവചനം ചെയ്തിട്ടുള്ളത്. ഇത് എപ്പോഴും ഓർക്കേണ്ടതാണ്.

ഈ മസ്ജിദ് നിർമ്മാണത്തോടു കൂടി ഇവിടുത്തെ അഹ്മദികളുടെ ഉത്തരവാദിത്വം വർദ്ധിച്ചിരിക്കുകയാണ്. നിങ്ങൾ ഈ മസ്ജിദിനെ ജന സാന്ദ്രമാക്കി മാറ്റണം. അല്ലാഹുവിന്റെ പക്കൽ സൗന്ദര്യമായി ഗണിക്കപ്പെടുന്ന സൗന്ദര്യത്തോടെ ഈ മസ്ജിദിൽ വരണം. പരസ്പരമുള്ള കടമകൾ നിറവേറ്റണം. ഇവയെല്ലാം നിങ്ങളുടെ ഉത്തരവാദിത്വങ്ങളാണ്. ഈ പ്രദേശത്ത് യഥാർത്ഥ ഇസ്ലാമിക സന്ദേശം എത്തിക്കുകയും വേണം. ഈ കടമകൾ നിങ്ങൾ നിറവേറ്റുകയാണെങ്കിൽ തീർച്ചയായും നിങ്ങൾ മസ്ജിദ് നിർമ്മാണത്തിനായി ചെയ്തിരിക്കുന്ന സാമ്പത്തിക ത്യാഗങ്ങളും സമയത്തിന്റെ ത്യാഗങ്ങളും എല്ലാം അല്ലാഹുവിന്റെ പക്കൽ സ്വീകരിക്കപ്പെടുന്നതാണ്. അല്ലാഹു ഈ സേവനങ്ങളെല്ലാം സ്വീകരിക്കട്ടെ എന്നതാണ് എന്റെ പ്രാർഥന.

അല്ലാഹുവിന്റെ പ്രീതിയുടെ കാഴ്ച്ചകൾ കാണുന്നവരായി നിങ്ങൾ മാറുന്നതാണ്. അതിനാൽ ഈ ചിന്തയോടു കൂടി ഈ പള്ളിയിൽ വരിക. അതിനെ ജനനിബിഢമുള്ളതാക്കിമാറ്റുക. ഒരു ഹദീസിൽ ഇപ്രകാരം കാണാം. ആരാധനയുടെ ആവേശത്തോടെ പകലും രാത്രിയും മസ്ജിദിൽ വരുന്നവർക്ക് അല്ലാഹു ആതിഥ്യമരുളുന്നതാണ്. രണ്ടു നമസ്കാരങ്ങൾക്കിടയിലുള്ള സമയം ഒരു വിശ്വാസി അല്ലാഹുവിലേക്ക് പൂർണ്ണമായ ശ്രദ്ധ ചെലുത്തിക്കൊണ്ട് കഴിച്ചുകൂട്ടുകയാണെങ്കിൽ അവൻ അതിർത്തിയെ സംരക്ഷിക്കുന്നവനെപോലെയാണ്. അവൻ ശൈത്വാനിൽ നിന്ന് സംരക്ഷിക്കപ്പെടുന്നു. അടുത്ത നമസ്കാരത്തിനായി മസ്ജിദിൽ പ്രവേശിക്കുമ്പോൾ തഖവയുടെ വസ്ത്രം അണിഞ്ഞ് അവൻ പോകുന്നു. അതാണേറ്റവും നല്ല അലങ്കാരം.

അതിനാൽ ഈ ഭൗതികലോകത്ത് ഈ സ്ഥാനം കരസ്ഥമാക്കുക എന്നതാണ് ഒരഹ്മദിയുടെ ഉത്തരവാദിത്വം. ഈ ഉത്തരവാദിത്വത്തെ നാമോരോരുത്തരും മനസ്സിലാക്കാൻ ശ്രമിക്കേണ്ടതാണ്. ഈ യാഥാർത്ഥ്യം മനസ്സിലാക്കിക്കഴിഞ്ഞാൽ,. നമ്മുടെ ആരാധനകളെ സംരക്ഷിക്കുന്നവരായി നാം മാറിയാൽ, അല്ലാഹുവിന് ഇഷ്ടമുള്ള സൗന്ദര്യത്തോടെ മസ്ജിദിൽ പോവുകയാണെങ്കിൽ അല്ലാഹുവിന്റെ ഫദ്ലിനെ മുമ്പത്തെക്കാൾ കൂടുതൽ കരസ്ഥമാക്കുന്നവരായി മാറുന്നതാണ്. രണ്ടാമത്തെ ആയത്തിൽ അല്ലാഹു പറയുന്നു.

كُلُوْا وَاشْرَبُوْا وَلَا تُسْرِفُوْا ۚ اِنَّهٗ لَا يُحِبُّ الْمُسْرِفِيْنَ

തിന്നുകയും കുടിക്കുകയും ചെയ്യുക. എന്നാൽ അമിതത്വം കാണിക്കരുത്. അമിതത്വം കാണിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല.

ഇതിന്റെ ഒരർത്ഥം, ഭക്ഷണപാനീയങ്ങളിൽ സന്തുലനം വേണം. ഹലാലും പരിശുദ്ധമായതുമാണ് ഭക്ഷിക്കേണ്ടത്. അതിലും സന്തുലിതാവസ്ഥ നിലനിർത്തണം. കാരണം ഭക്ഷണം മനുഷ്യന്റെ ചിന്തകളെയും വികാരങ്ങളെയും സ്വാധീനം ചെലുത്തുന്നതാണ്. ആവശ്യത്തിൽ കൂടുതൽ ഭക്ഷിക്കുക. എന്നത് മനുഷ്യനെ അലസനും മടിയനുമാക്കി മാറ്റുന്നു. രാത്രിയിൽ കൂടുതൽ കഴിച്ചാൽ ഗാഢമായ നിദ്രയിലേക്ക് പോവുകയും സുബഹി നമസ്കാരം തന്നെ നഷ്ടപ്പെട്ടു പോവുകയും ചെയ്യുന്ന അവസ്ഥ വരുന്നു.

അല്ലാഹു പറയുന്ന മറ്റൊന്ന്, അമുസ്ലീംകൾ മൃഗങ്ങളുടെ അവസ്ഥപോലെ ഭക്ഷണ പാനീയങ്ങളിലേക്കാണ് കൂടുതലും ശ്രദ്ധിക്കുന്നത്. കാരണം തീറ്റയും കുടിയുമാണ് അവരുടെ ജോലി. എന്നാൽ ഒരു വിശ്വാസിയുടെ ലക്ഷ്യം ഇതിനെക്കാളും എത്രയോ ഉന്നതമാണ്. അല്ലാഹുവിനെ ആരാധിക്കുക എന്നതാണ് അവന്റെ ലക്ഷ്യം.

അല്ലാഹു എല്ലാ ഹലാലും പരിശുദ്ധവുമായ വസ്തുക്കളെ മനുഷ്യന്റെ ഗുണത്തിനായാണ് ഉണ്ടാക്കിയിട്ടുള്ളത്. ഈ ലോകം സമ്പാദിക്കുക എന്നതായിരിക്കരുത് നമ്മുടെ ലക്ഷ്യം. ഇതിൽ നിന്നെല്ലാം നമുക്ക് ഗുണമെടുക്കാമെങ്കിലും ഇത് തന്നെയായിരിക്കരുത് നമ്മുടെ ലക്ഷ്യം. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുക എന്നതായിരിക്കണം. ഇത് കരസ്ഥമാക്കുന്നത് ഭൗതിക നേട്ടങ്ങൾക്കായി നാം ഒരിക്കലും അമിതത്വം കാണിക്കാതിരിക്കുമ്പോഴാണ്. ആവശ്യത്തിൽ കൂടുതൽ അതിൽ മുഴുകരുത്. അവ ആരാധനക്ക് തടസ്സമായി മാറുന്നുണ്ടെങ്കിൽ, ഭൗതികമായ ആനന്ദങ്ങൾ ആരാധനയെ കീഴ്പ്പെടുത്തുന്നുണ്ടെങ്കിൽ അങ്ങനെയുള്ള അമിതത്വത്തെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. അതിനാൽ എപ്പോഴും ഓർക്കേണ്ട ഒരു കാര്യം സന്തുലനം പാലിച്ചുകൊണ്ടായിരിക്കണം ഓരോ പ്രവർത്തിയും ചെയ്യേണ്ടത്. അതാണ് അല്ലാഹുവിന് ഇഷ്ടപ്പെട്ടത്.

സമ്പാദ്യം വർദ്ധിപ്പിക്കുന്നതിനെ അല്ലാഹു എതിർത്തിട്ടില്ല. അല്ലാഹു പറയുന്നത്, വിശ്വാസികൾ ഭൗതിക ജോലികൾ വളരെ ശ്രദ്ധയോടും താത്പര്യത്തൊടും കൂടി ചെയ്യണം എന്നാണ്. അതിലും നീതി പാലിക്കണമെന്നും പറയുന്നു. എന്നാൽ ഭൗതിക സമ്പാദ്യം മതത്തെ മറക്കുന്ന തരത്തിലാണെങ്കിൽ, നമസ്കാരത്തിൽ നിന്നും ശ്രദ്ധ തിരിക്കുന്നതാകുകയാണെങ്കിൽ ഇവ മനുഷ്യനെ അല്ലാഹുവിന്റെ ഫള്ലിൽ നിന്നും അകറ്റിക്കളയുന്നതാണ്. *അല്ലാഹുവിൽ നിന്നും അകറ്റുന്ന അമിതത്വത്തിൽ നിന്നും അല്ലാഹു നാം ഓരോരുത്തരെയും സംരക്ഷിക്കട്ടെ.*

ജമാഅത്തിന്റെ ബഹുഭൂരിഭാഗവും ഈ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കുന്നവരാണെന്നത് അല്ലാഹുവിന്റെ ഫള്ലാണ്. സാമ്പത്തിക ത്യാഗത്തെക്കുറിച്ച് ഞാൻ പരാമർശിക്കുകയുണ്ടായി. വളരെ കൂടുതൽ ത്യാഗം ചെയ്യുന്നവരാണെങ്കിലും സാമ്പത്തിക ത്യാഗത്തിന്റെ ആത്മാവിനെ മനസ്സിലാക്കുന്നവരാണ്. അവർ അവർക്കായി മാത്രമല്ല ചെലവഴിക്കുന്നത്. എന്നാൽ പലവുരു ഞാനെന്റെ ആശങ്ക രേഖപ്പെടുത്തിയതുപോലെ ഇതേ ആവേശത്തിൽ പള്ളിയെ ജനസാന്ദ്രമാക്കുന്ന കാര്യത്തിലും ആവേശം കാണിക്കേണ്ടതാണ്. നിങ്ങൾ നിർമ്മിച്ചിരിക്കുന്ന ഈ മസ്ജിദ് വളരെ മനോഹരമാണ്. മിനാരമുണ്ട്. ഗോപുരമുണ്ട്. പുറമേനിന്ന് നോക്കിയാലും വളരെ മനോഹരമാണ്. മസ്ജിന്റെ അകവും വളരെ വിശാലമായ സ്ഥലമാണ്. പഴയ ഹാളും ഇവിടെ ഉണ്ട്. ഞാൻ അതിനെ കുറിച്ച് പരാമർശിച്ചുകഴിഞ്ഞതാണ്. അതിനെയും ആധുനികവത്ക്കരിച്ച് മനോഹരമാക്കിയിട്ടുണ്ട്. ഈ രണ്ട് ഹാളുകളും കൂട്ടിയാൽ ആയിരം ആളുകൾക്ക് നമസ്കരിക്കാൻ കഴിയുമെന്നാണ് പറയപ്പെടുന്നത്. നിങ്ങൾ ഇപ്പോൾ ഇവിടെ ഏകദേശം അഞ്ഞൂറ് അറുനൂറ് പേർ ആണ് ഉള്ളതെന്നാണ് എനിക്ക് തോന്നുന്നത്. അതിനാൽ ഇത് നിറക്കാൻ ഇനിയും ആളുകൾവേണം. ഒരു പക്ഷേ ഈ മസ്ജിദ് നിങ്ങൾക്ക് വലുതായി ഇപ്പോൾ തോന്നിയേക്കാം. ഇന്ന് സിഡ്നിയിൽ നിന്നും മറ്റു സ്ഥലങ്ങളിൽ നിന്നും ഒരു പക്ഷേ ആളുകൾ വന്നിരിക്കാം. അതുകൊണ്ടായിരിക്കാം മസ്ജിദ് നിറഞ്ഞുകാണുന്നത്.

ഇവിടത്തെ പ്രാദേശിക ആളുകൾ മാത്രമാണെങ്കിൽ ഒരു പക്ഷേ മസ്ജിദ് അല്പം കാലിയായി കണ്ടേക്കാം. *അല്ലാഹു നിങ്ങളുടെ അംഗസംഖ്യ വർദ്ധിപ്പിക്കട്ടെ* എന്നാണ് എന്റെ പ്രാർത്ഥന. *ഇവിടത്തെ പ്രാദേശിക വാസികളാൽ ഈ പള്ളി നിറയട്ടെ. അങ്ങനെ പള്ളി ചെറുതായിത്തീരട്ടെ.* നാം ഏറ്റവും കൂടുതൽ സന്തോഷിക്കുന്നത് ഇവിടത്തെ നാട്ടുകാരാൽ ഈ മസ്ജിദ് നിറയുകയും അങ്ങനെ നമസ്കാരക്കാരുടെ അംഗസംഖ്യ വർദ്ധിക്കുകയും ചെയ്യുമ്പോഴാണ്. അല്ലാതെ പാക്കിസ്ഥാനിൽ നിന്നും വരുന്ന അഹ്മദികളുടെ എണ്ണം വർദ്ധിച്ചതുകൊണ്ടല്ല.

എന്നാൽ ഈ ആഗ്രഹവും പ്രവർത്തിയും തബ്‌ലീഗ് ചെയ്യാതെ നേടിയെടുക്കാൻ കഴിയില്ല. തബ്‌ലീഗ് പ്രവർത്തനവും അതിനുള്ള പരിശ്രമവും വർദ്ധിപ്പിക്കുക. ദുആയിലേക്ക് ശ്രദ്ധിക്കുകയും ചെയ്യുക. *അല്ലാഹു ഈ മസ്ജിദിനെ വേഗം ചെറുതാക്കിക്കാണിക്കട്ടെ. കൂടുതൽ മസ്ജിദുകൾ നിർമ്മിക്കപ്പെടുമാറാകട്ടെ.* ഈ മസ്ജിദ് ഈ പ്രദേശത്ത് നിങ്ങളുടെ അവസാന പ്രവർത്തിയല്ല. ഇത് പ്രാരംഭ കാല്വെപ്പാണ്. ഹ: മസീഹ് മൗഊദ് (അ) പറഞ്ഞത്, മസ്ജിദ് മുഖേന ഇസ്‌ലാം പരിചയപ്പെടുത്തപ്പെടുകയാണ് ചെയ്യുന്നത്. ഇസ്‌ലാമിലേക്ക് ജനങ്ങൾ ശ്രദ്ധിക്കുന്നതാണ്. *ഇവിടത്തെ പ്രാദേശിക ആളുകളിൽ ഇതിലേക്ക് വേഗം ശ്രദ്ധയുണ്ടാകുമാറാകട്ടെ.* اِنْ شَاءَ اللّٰه അവർക്ക് ഇതിലേക്ക് ശ്രദ്ധയുണ്ടാകുന്നതാണ്. ലോകത്ത് എവിടെയെല്ലാം നമ്മുടെ മസ്ജിദുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ടോ ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്ന പ്രവർത്തി പല മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. ഞാൻ നേരത്തെ പറഞ്ഞതു പോലെ ഈ അർത്ഥത്തിലും നിങ്ങളുടെ ഉത്തരവാദിത്വം മനസ്സിലാക്കുക. ഈ പരിചയപ്പെടുത്തൽ കാരണം ചുറ്റുമുള്ളവർ നിങ്ങളിലേക്ക് വളരെ കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങുന്നതാണ്.

പാക്കിസ്ഥാനിൽ നിന്നും വന്നത് അവിടെ നിങ്ങൾക്ക് സ്വാതന്ത്ര്യത്തോടെ മസ്ജിദുകളിൽ ആരാധന നടത്താൻ കഴിയില്ലായിരുന്നു എന്നതുകൊണ്ടാണ്. അവിടെ നിങ്ങൾക്ക് മുസ്‌ലിം എന്ന് പറയാനുള്ള സ്വാതന്ത്ര്യം ഇല്ലായിരുന്നു. അഹ്മദീ മുസ്‌ലിം എന്ന് പറയാനുള്ള അവകാശം നിങ്ങൾക്കവിടെ ഇല്ലാ. അതിനാൽ ജനങ്ങൾക്ക് ഇസ്‌ലാമിന്റെ സന്ദേശം എത്തിച്ചുകൊണ്ട് അല്ലാഹുവിന്റെ സ്നേഹദൃഷ്ടി കരസ്ഥമാക്കുന്നവരായി നിങ്ങൾ മാറുക. നിങ്ങളിൽ ഭൂരിഭാഗവും ഏതെങ്കിലും മഹത്വം കൊണ്ടല്ല ഇവിടെ എത്തിപ്പെട്ടത്. പാക്കിസ്ഥാനിൽ അഹ്മദിയ്യത്തിനുള്ള എതിർപ്പ് കാരണമായാണ്. അതിനാൽ നിങ്ങളുടെ മക്കളെ ഈ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തുക. അല്ലാഹു നമുക്ക് നൽകിയിരിക്കുന്ന ഈ അനുഗ്രഹത്തിന് നന്ദിയുള്ളവരായി നാം മാറുന്നത് അവന്റെ മസ്ജിദുകളെ നാം നിറക്കുമ്പോഴാണ്. അതിനുള്ള കടമ നിറവേറ്റുന്നവരായി നാം മാറുമ്പോഴാണ്. അതൊടൊപ്പം തബ്‌ലീഗ് കാര്യത്തിൽ നാം ശ്രദ്ധിക്കുമ്പോഴാണ്.

പാക്കിസ്ഥാനിൽ നിത്യവും കേസ്സുകൾ ഉണ്ടായിക്കൊണ്ടേ ഇരിക്കുകയാണ്. പരിഹാസ്യങ്ങളായ കേസ്സുകളാണ് രേഖപ്പെടുത്തപ്പെടുന്നത്. രണ്ട് ദിവസം മുമ്പ് കത്തുകൾ പരിശോധിക്കുമ്പോൾ അതിൽ ഒരു കത്തിൽ ഒരു എഫ്. ഐ ആറിനെ കുറിച്ച് പറയുന്നുണ്ട്. അത് ഇപ്രകാരമാണ്. ഒരാൾ കേസ്സ് കൊടുത്തത് ഇപ്രകാരം. ഞാൻ ഒരു മിനാരവും ഗോപുരവും കണ്ടു. അതിന്റെ അടുത്ത് ചെന്നപ്പോഴാണ് മനസ്സിലായത് ഇത് ഖാദിയാനികളുടെ മസ്ജിദാണ്. ഇതറിഞ്ഞ് എന്റെ വികാരം വൃണപ്പെടുകയുണ്ടായി. (ഒരു യാത്രക്കാരൻ എന്ന നിലക്കാണ് തുടങ്ങിയത്.) ഈ മസ്ജിദ് നിർമ്മിച്ചവനാരാണെന്ന് നാല് ദിവസം ഞാനന്വേഷിച്ചു. അപ്പോഴാണ് മനസ്സിലായത്. ഇവിടെ എട്ടു പേർ താമസിക്കുന്നുണ്ട്. അവർ ഇവിടെയാണ് നമസ്കരിക്കുന്നത്. ഞാൻ അവരോട് പറഞ്ഞു. മിനാരവും ഗോപുരവും പൊളിച്ചു മാറ്റുക. അവർ അതംഗീകരിച്ചിട്ടില്ല. അതിനാൽ എന്റെ വികാരം വൃണപ്പെടുകയുണ്ടായി. അതുകൊണ്ട് ഈ കേസ്സ് രേഖപ്പെടുത്തണമെന്ന് അപേക്ഷിക്കുന്നു.

ഇതാണ് പാക്കിസ്ഥാനിലെ അവസ്ഥ. ചെറിയ ചെറിയ ഗ്രാമങ്ങളിൽ പോലും ഇങ്ങനെയുള്ള അവസ്ഥകളാണുള്ളത്. അങ്ങനെയുള്ള അവസ്ഥകളിലാണ് ജനങ്ങൾ അവിടെ താമസിക്കുന്നത്. നിങ്ങളിൽ ചിലരും അങ്ങനെയുള്ള അവസ്ഥകളിൽ കഴിഞ്ഞവരായിരുന്നു.

അതിനാൽ ആ അവസ്ഥകളെ മറക്കരുത്. അവ ഓർക്കുകയും മസ്ജിദിനോടുള്ള കടമകൾ നിറവേറ്റുകയും ചെയ്യുക. *അല്ലാഹു എല്ലാവർക്കും ഇതിനുള്ള തൗഫീഖ് നൽകട്ടെ.*

# PRINTED BOOKS

**To**


**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**



KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 October 25 at : Australia
Translation: M.Nasir Ahmad, Kodiyathur - 09497343704

Typing: A.T.Nasarudheen
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**